പിരായിരി ഗ്രാമപഞ്ചായത്തിനായി സമഗ്ര കുടിവെള്ള പദ്ധതി

151 (5041) ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരായിരി ഗ്രാമപഞ്ചായത്തിനായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, ആയതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പിരായിരി ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഒഴൂർ-പൊൻമുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

152 (5042) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ-പൊൻമുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കും ;

(സി) എത്ര രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാനാകും എന്നാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഏതൊക്കെ പ്രദേശത്ത് ഇതുകൊണ്ട് കുടിവെള്ള വിതരണം സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. പൊൻമുണ്ടം പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) ഒഴൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഒഴൂർ പദ്ധതിക്ക് 11.10 കോടി രൂപ അടങ്കൽ തുകയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നിർദ്ദേശം പരിശോധനയിലാണ്.

(ഇ) ഒഴൂർ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധമാണ് ഒഴൂർ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഒറ്റപ്പാലം മണ്ണൂർ കുടിവെള്ള പദ്ധതി

153 (5043) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മണ്ണൂർ കുടിവെള്ള പദ്ധതിയുടെ കാലിക സ്ഥിതി വിശദീകരിക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി എൻ.സി./പി.സി. സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 515 ലക്ഷം രൂപ അടങ്കൽ തുകയുള്ള ടി കുടിവെള്ള പദ്ധതി ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 5-6-2010-ൽ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല.

(ബി) ഇല്ല. 1-4-2009-ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം എൻ.സി./പി.സി. സ്കീമുകൾ ഇല്ല.

(സി) പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ഇക്കാര്യം വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

മുന്നാട്, ബോധഡുക്ക, കുറ്റിക്കോൽ വില്ലേജുകളിൽ കുടിവെള്ള പദ്ധതി

154 (5044) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുന്നാട്, ബോധഡുക്ക, കുറ്റിക്കോൽ വില്ലേജുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് എത്ര കോടിരൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാവും എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly